## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2076 — 11.02.2020- ൽ മറുപടിയ്ക്ക്

## ജയിലുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി

| ചോദ്യം<br>ശ്രീ. സി. മമ്മൂട്ടി | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ജയിലുകളിൽ അനുവദനീയമായതിന്റെ മൂന്ന് ഇരട്ടി വരെ തടവുകാരെ പാർപ്പിക്കേണ്ടിവരുന്നതായ അവസ്ഥ സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. പരിശോധിച്ചിട്ടുണ്ട്. |
| (ബി) | തടവുകാരുടെ എണ്ണത്തിന് ആനുപാതികമായ ജീവനക്കാരില്ല എന്നത് ജയിൽ സുരക്ഷയ്ക്ക് ഭീഷണി സൃഷ്ടിക്കുന്നുണ്ടോ ; | (ബി) | ഇല്ല |
| (സി) | ജയിലുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ ? | (സി) | ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 52 ജയിലുകളിൽ സി.സി.ടി.വി. സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ജയിലുകളേയും കോടതികളേയും തമ്മിൽ ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം നടപ്പിലാക്കി വരുന്നു. കൂടാതെ ആധുനിക സുരക്ഷാ സംവിധാനങ്ങളായ X-ray baggage inspection system, Door Frame Metal Detector, Non-linear junction detector, Security Pole എന്നിവ നടപ്പുവർഷം സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ജയിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ജയിലുകളിലും മെറ്റൽ ഡിറ്റക്ടർ സ്ഥാപിച്ചിട്ടുണ്ട്. ജയിൽ ചാട്ടം തടയുന്നതിനായി തിരുവനന്തപുരം, കണ്ണൂർ എന്നീ ജയിൽ സ്ഥാപനങ്ങളിൽ മതിലിനു ചുറ്റും വൈദ്യുതി വേലി |

| | |
|---|---|
| | സ്ഥാപിച്ചിട്ടുണ്ട്. ജയിലിലെ ആന്തരിക പരിശോധന കർശനമാക്കിയിട്ടുണ്ട്. പ്രധാന ജയിലുകളിൽ പെരിഫെറൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി സ്കോർപിയോൺ വിഭാഗം പോലീസ് ഉദ്യോഗസ്ഥരെ പ്രത്യേകമായി നിയോഗിച്ചിട്ടുണ്ട്. അപകടകാരികളായ തടവുകാരെ പ്രത്യേകം നിരീക്ഷിക്കുന്നതിനായി തൃശ്ശൂർ അതീവ സുരക്ഷാ ജയിലിലേയ്ക്ക് മാറ്റി പാർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ